# നവമാലിക

പ്രസാധിക

കെ. ഭാനുമതിഅമ്മ

Digitized By Kerala Sahitya Akademi

# നവമാലിക

പ്രസാധിക,

കെ. ഭാനുമതി അമ്മ.

ശാരദാ ബുക്കഡിപ്പോ.

ശ്രീരാമവിലാസം പ്രസ്സ്
കൊല്ലം.

ഒന്നാം പതിപ്പ കാപ്പി—2000.

1121

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മുഖവുര.

ഇംഗ്ലീഷ് മിഡിൽസ്കൂൾക്ലാസ്സുകളിലും മലയാളം മിഡിൽസ്കൂളുകളിലെ 5-ം 6-ം ക്ലാസ്സുകളിലും ഉപയോഗിക്കത്തക്ക പദ്യപാഠങ്ങളാണ മഹാകവി കുമാരനാശാന്റെ കൃതികളിൽനിന്ന തിരഞ്ഞെടുത്തു ഈ നവമാലികയിൽ ചേൎത്തിട്ടുള്ളതു്. ഇതിന്റെ ക്രമീകരണം പദ്യങ്ങളുടെ വലിപ്പച്ചെറുപ്പമനുസരിച്ചാണു്. ബാല്യത്തിൽ പഠിക്കുന്ന പാഠങ്ങൾ ആജീവനാന്തം ഓൎമ്മനില്ക്കുന്നവയാകയാൽ അങ്ങനെ ഓൎമ്മിക്കാൻ കൊള്ളാവുന്നവയും ഓൎമ്മിച്ചാൽ പ്രയോജനമുള്ളവയും ആയ പാഠങ്ങൾ മാത്രമേ ഈ മാലികയിൽ ഉണ്ടായിരിക്കാവൂ എന്ന പ്രത്യേകം നിഷ്കൎഷിച്ചിട്ടുണ്ടു്. പാഠങ്ങൾ തിരഞ്ഞെടുക്കുന്നതിലും അവയെ ക്രമീകരിക്കുന്നതിലും, ചിരകാലം അദ്ധ്യാപകവൃത്തിയിൽ ഇരുന്ന വിദ്യാൎത്ഥികളുടെ ആവശ്യം നല്ലപോലെ ഗ്രഹിച്ചിട്ടുള്ള ഒരു സഹൃദയന്റെ സഹായംകൂടി എനിക്കുണ്ടായിട്ടുള്ള വിവരവും ഇവിടെ കൃതജ്ഞതയോടേ പ്രസ്താവിച്ചുകൊള്ളുന്നു.

തോന്നയ്ക്കൽ,
1110 ചിങ്ങം 25.

കെ. ഭാനുമതിഅമ്മ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# നവമാലിക

## I. ഉൽബോധനം

സൂര്യൻ കിഴക്കുദിക്കാറായ്
സരഘാനിവഹങ്ങളെ!
സ്വാതന്ത്ര്യമധു തേടിടാൻ
സോത്സാഹമെഴുന്നേല്ക്കുവിൻ.

പറന്നുപോവിൻ! പുഷ്പങ്ങ-
ളെങ്ങെന്നാലങ്ങു ചെല്ലുവിൻ!
പുലർകാലത്തു തേനിച്ച-
യുറങ്ങാ സുദിനങ്ങളിൽ.

ദിനാവർണ്ണങ്ങൾ പൂക്കൾക്കു
ഭഗവാൻ ചിത്രഭാനുതാൻ
ഔദാര്യമാൻ്റ നല്കുന്നു
നിങ്ങൾക്കുത്സാഹമേറുവാൻ.

Digitized By Kerala Sahitya Akademi

തുല്യമായ് സർവ്വസുമവും
തലോടി മണമാർന്നിതാ
പ്രഭാതവായു പോകുന്നു
പോവിൻ നിങ്ങളുമേവഴി.

വീട്ടിലോ നാട്ടിലോ വല്ല
കാട്ടിലോ മേട്ടിലോ സ്വയം
പൂവു സൃഷ്ടിച്ച കയ്യങ്ങു
വിളിക്കുന്നുണ്ടു നിങ്ങളെ.

ചെന്നമ്മലരിനെല്ലാവും
ദളം ദ്വിഗുണമാർന്ന പോൽ
ചിറകുല്പ്പിച്ച ലോകർക്കു
ചേർപ്പിൻ കണ്ണിന്നു കൌതുകം.

സ്വയം മുകുളജാലത്തി-
നുള്ളത്തിലമൃതാക്ഷരം
ഉപദേശിച്ച സദ്ബോധ-
മുണ്ടാക്കി മധുവുണ്ണുവിൻ.

മന്ത്രിക്കുവിൻ കൂടി നാനാ-
മാർഗ്ഗത്തൂടേ ചരിക്കുവിൻ
വെവ്വേറായ് മോക്ഷമാർജ്ജിപ്പിൻ
ഒന്നായ് ചേർന്നു കാക്കുവിൻ.

Digitized By Kerala Sahitya Akademi

തരുശാഖയിലോ താഴെ-
പ്പൊത്തിലോ കന്ദരത്തിലോ
ഗൃഹകോടിയിലോ സംഘം
കൂടി ക്ഷേമം നിനയ്ക്കുവിൻ.

ഉപദ്രവിക്കായുവിൻ പോ-
യൊരു ജന്തുവിനേയുമേ
അപായം തടയാൻ ഘോര-
ഹുങ്കാരം കൂട്ടി നില്ക്കുവിൻ.

തേനോളം സ്വാദ്യമായ് ലോക-
ത്തെങ്ങുമില്ലാക്കുമൊന്നുമേ
അതിൻെറ,യപഹർത്താക്ക-
ളത്രേ യസുരരോക്കുവിൻ.

മുഖത്തുണ്ടിന്ന നിങ്ങൾക്കു
ദൈവദത്തമൊരായുധം
മൃദുവെന്നാകിലും തീക്ഷ്ണം
പേടിക്കുമതു വൈരികൾ.

വഞ്ചിശ്രീയെക്കവരുവാൻ
പണ്ടു വന്നൊരു മുഷ്കരൻ
മുകിലൻ പടയോടൊത്തു
മുടിഞ്ഞു മക്ഷികാളിയാൽ.

Digitized By Kerala Sahitya Akademi

അതോർക്കും ധൂർത്തരീയുഗ്ര-
സംഘം കണ്ടു ഭയപ്പെട്ടും
ന്യായസ്ഥരുടെ ശൌര്യത്തെ
വിശേഷിച്ചുഞ്ഞുമാരുമേ.

മുറിവേൾപ്പിക്കിലും ധൂർത്തർ
പത്രം ചുട്ടു കരിക്കിലും
മുഷ്ക്കിന്നു കീഴടങ്ങാതെ
മരിപ്പോളം തടുക്കുവിൻ.

മലക്കുണ്ടിൽ മറിഞ്ഞെത്ര
കീടം ചാകുന്നു നാൾക്കുനാൾ
മധു കാത്തുററ തേൻകൂട്ടിൽ
മരിപ്പിൻ നിങ്ങൾ വേണ്ടുകിൽ.

സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം.

സ്വാതന്ത്ര്യമധു തേടിടാൻ
സരഘാ നിവഹങ്ങളെ
തുണയ്ക്കും നിങ്ങളെദ്ദീന-
ദയാലു ജഗദീശ്വരൻ.

Digitized By Kerala Sahitya Akademi

# II. ഗ്രാമപ്രദേശങ്ങൾ

ഇതു "ബാലരാമായണ"ത്തിൽ നിന്നു എടുത്തതാണ്. രാക്ഷസന്മാർ വിശ്വാമിത്രമഹർഷിയുടെ യാഗം നിർവിഘ്നമായി നടക്കാൻ സമ്മതിക്കായ്കയാൽ അദ്ദേഹം അയോദ്ധ്യയിൽ നിന്നു കുമാരന്മാരായ രാമലക്ഷ്മണന്മാരെ യാഗരക്ഷയ്ക്കു കൂട്ടിക്കൊണ്ടുപോയി. അങ്ങനെ പോകയോടു നാട്ടുംപുറങ്ങളിൽ കണ്ട വിശേഷങ്ങളാണ് താഴെ കാണുന്ന വർണ്ണനം. ഈ വിശേഷങ്ങൾ നമ്മുടെ നാട്ടുംപുറങ്ങളിലും കാണാവുന്നതാണ്.

പോയി വിശ്വാമിത്രരുടെ
പിമ്പേ ഉത്സാഹമാർന്നിവർ
വായുവിൻ പിമ്പു വില്ലാർന്ന
രണ്ടു മേഘങ്ങൾ പോലവേ

കടന്നു ഗോപുരമിവർ
കടന്നു തെരുവീഥികൾ
സരയൂനദി കല്ലോലം-
തല്ലും നഗരസീമയും.

അക്കരെയ്ക്കിവരെത്തുമ്പോൾ
അസ്തമിച്ചിതു ഭാനുമാൻ
അന്നത്തെ യാത്രയവിടെ
നിർത്താനോതിയ മാതിരി.

Digitized By Kerala Sahitya Akademi

സന്ധ്യാനുഷ്ഠാനവും ചെയ്തു
ഭക്ഷിച്ചങ്ങവർ മൂവരും
സാധാരണ ജനംപോലൊ-
രമ്പലംപുക്കുറങ്ങിനാർ

രാവിലേ കാററിലാഞ്ഞാടും
കതിർ തൂന്ന നിലങ്ങളും
പക്ഷി കൂവും പൊയ്കകളും
പാത്തു യാത്ര തുടങ്ങിനാർ.

പാടത്തിൽ വെള്ളം പായിക്കും
പല കൈത്തോട്ടമപ്പുറം
കണ്ടാർ കാലികൾ തിങ്ങിപ്പോ-
മൂട്ടപാതകൾതാനമേ.

പാത്താർ വയ്ക്കോൽപ്പന്തലാന്ന
കരവാരം പറമ്പുകൾ
തൊഴുത്തും കളവും ചേന്ന
പുല്ലു മേഞ്ഞ ഗൃഹങ്ങളും.

ഭാണ്ഡവും പേറി യാത്രക്കാർ
പോവതങ്ങങ്ങു കണ്ടിതു;
നീണ്ടുനീണ്ട നടയ്ക്കാവും
കണ്ടു നിഴൽമരങ്ങളും.

Digitized By Kerala Sahitya Akademi

മാററൊലിക്കൊണ്ടു ഗോപാല-
ശ്രുതും മുരളി കേട്ടിട്ടും
മേച്ചിൽസ്ഥലങ്ങളും വണ്ടു-
മൂളും കുററിവനങ്ങളും,

മറേറാരോന്നും കണ്ടു രസം-
പൂണ്ടുമമ്പാർന്നിടയ്ക്കിടെ
മുനിയോതുന്ന കഥകളും
കേട്ടും പോയിതു ബാലകർ.

---

## III പരശുരാമൻ

യാഗരക്ഷ നടത്തിയശേഷം രാമലക്ഷ്മണന്മാർ വിശ്വാമിത്രനോടൊരുമിച്ചു വിദേഹരാജധാനിയായ മിഥിലാപുരിയിൽ ചെന്നു പന്തയം ജയിച്ചു വിവാഹവും നടത്തിക്കൊണ്ടു് അയോദ്ധ്യയിലേക്കു മടങ്ങി. വഴിക്കുവെച്ചു ക്ഷത്രിയവംശവിരോധിയായ ശ്രീപരശുരാമൻ അവരെ തടുത്തുനിർത്തി. ശ്രീരാമൻ പരശുരാമനെ ജയിച്ചു. കേരളരാജ്യം സമുദ്രത്തിൽനിന്നു വീണ്ടെടുത്തു ജനവാസസമുചിതമാക്കിത്തീർത്തതു് പരശുരാമനാണെന്നു നമുക്കു് പുരാവൃത്തമുണ്ടു്.

ആഘോഷമോടയോദ്ധ്യയ്ക്കു
പോമദ്ദശരഥാദിയെ
വഴിക്കു കണ്ടു കോപിച്ചു
വഴക്കായ് ഭാർഗ്ഗവൻ മുനി.

Digitized By Kerala Sahitya Akademi

മഴവേന്തും രാമനവൻ
മലയാളം നികഴ്ത്തിയോൻ
ക്ഷത്രിയന്മാരെന്നു കേട്ടാൽ
ക്ഷമയില്ലാത്തൊരന്തണൻ.

രാമൻ താനേകനേയാവൂ,
രാഘവൻ പേരു മാററണം;
രക്ഷയല്ലെങ്കിലില്ലെന്നാൻ
രണഭീമൻ തപോധനൻ.

എന്നല്ലവൻ വിദേഹൻെറ
വില്ലൊടിച്ച മഹാപുമാൻ
എൻെറ വില്ലും കുലയ്ക്കേണ-
മെന്നമ്മുനി ശഠിച്ചപോൽ.

പേടിച്ചു കാൽപിടിയ്ക്കുന്ന
പിതാവിൽ കൃപയെന്നിയേ
പരുഷം ചൊല്ലുമവനെ-
പ്പിന്നെക്രൂദ്ധ്ശീല രാഘവൻ.

വില്ലിങ്ങു തരികെന്നാഞ്ഞു
വാങ്ങിനാൻ കുലയേററിനാൻ
വലിച്ചമ്പു തൊടുത്താനാ-
വീരുവാൻ രഘുനന്ദനൻ.

Digitized By Kerala Sahitya Akademi

അയ്യോ! നമ്മെ വധിച്ചേക്കു-
മമാനുഷ യുവാവിവൻ,
എന്ന പേടിച്ച ഭയവു-
മന്നറിഞ്ഞിതു ഭാർഗ്ഗവൻ.

താണു കൂപ്പീടുമവനെ
ക്ഷത്രധർമ്മം നിനച്ചുടൻ
തേജോവധം ചെയ്തു രാമൻ
വിട്ടു; വിപ്രത്വമോർത്തുമേ.

ഭയ തോന്നും ഭൃഗുസുതൻ
തല താഴ്ത്തിയതോർക്കുകിൽ,
ജാതിവൈരം പുലർത്തുന്ന
ജളന്മാർക്കിതു പാഠമാം.

---

## IV. സീതാരാമന്മാരുടെ സ്വഭാവവിശേഷം

നിസ്തുല്യശോഭയാന്നാര-
ക്കൊച്ചുനീലോൽപലാക്ഷിമാർ
നിറംകാച്ചിത്തിളങ്ങുന്ന
തങ്കപ്പാവകൾ പോലവേ.

Digitized By Kerala Sahitya Akademi

രാഗമേലും യൌവനാക്ക-
രശ്മി തട്ടിത്തിളങ്ങിനാൾ
താമരപ്പൂ പോലെ സീത
സൎവ്വാവയവമോഹിനി.

നാലുകെട്ടിലെഴും തമ്പി-
നിരയാം രത്നമാലയിൽ
നായകക്കല്ലു താനായി
സീത സൌന്ദൎയ്യദേവത.

അവൾ നില്ക്കുന്നപോൽ നില്ക്കു-
മവളെപ്പോൽ നടന്നിടും
അവൾപോൽ ഭൂഷയണിയു-
മയോദ്ധ്യയിൽ നതാംഗിമാർ

മത്സരിച്ചെന്നു തോന്നീടും
ഓക്കിൽ മൈഥിലിയിൽ സ്വയം
രൂപമാധുൎയ്യമൊടു തൻ
ശീലമാധുൎയ്യമെന്നുമേ.

പ്രേയാനിൽ പ്രീതി വൎദ്ധിച്ചു
ഭക്തിയേറി ഗുരുക്കളിൽ
വാച്ചു ബന്ധുക്കളിൽ സ്നേഹം
ഭൃത്യരിൽ കൃപതാനുമേ.

Digitized By Kerala Sahitya Akademi

ബുദ്ധി പാരം പ്രകാശിച്ചു
ധർമ്മത്തിൽ ശ്രദ്ധ കേമമായ്
കാലൂന്നീ നിഷ്ഠ കൃത്യത്തിൽ
ജാനകിക്കു ദിനംപ്രതി.

രൂപവും ഗുണവും കണ്ടു
രാമൻ സീതൈകചിത്തനായ്
സീതയ്ക്കു രാഘവൻ നിത്യം
സാക്ഷാൽ പ്രാണനുമായിതേ.

പരിഹാസങ്ങളിൽപോലും
പൊളിയോതില്ല രാഘവൻ
കളിയായും കാലുവയ്ക്കി-
ലപഥത്തിൽ മഹാനവൻ.

വിജ്ഞാനനിധിയാം രാമൻ
വിനയംകൊണ്ടു മൂകനായ്
വിശൈകവീരനെന്നാലും
വക്പാതാതിശാന്തനായ്.

സമൃദ്ധിയൊന്നും രാമനു
തെല്ലും ഗർവ്വേകിയില്ല താൻ
പൂർണ്ണകുംഭം തുളമ്പില്ല
ഉള്ളേലാ ഭാഗ്യശാലിയും.

Digitized By Kerala Sahitya Akademi

# V. നഗരാലങ്കാരങ്ങൾ

ശ്രീരാമനെ യുവരാജാവായി അഭിഷേകം ചെയ്യാൻ അയോദ്ധ്യാനഗരത്തെ പൌരന്മാർ അലങ്കരിച്ചു. വിശേഷാവസരങ്ങളിൽ ഇങ്ങനെയുള്ള അലങ്കാരങ്ങൾ തിരുവനന്തപുരം രാജധാനിയിലും കാണാവുന്നതാണ്.

പരിഷ്കരിച്ചു നഗരം
പുതുക്കീ രാജപാതകൾ
അലങ്കരിച്ചു പൂങ്കാവു-
മന്നുതാനധികാരികൾ.

വിളങ്ങീ വെൺകളികളാൽ
വീഥിയിൽ സൌധരാജികൾ
പാലാഴിയിൽ കൊടുങ്കാറ്റിൽ
പൊങ്ങുമൂർമ്മികൾപോലവെ.

പാറിയവയ്ക്കുമേൽ സന്ധ്യാ-
മേഘംപോലെ പതാകകൾ
മഴവില്ലിൻ നിരകൾപോൽ
തൂങ്ങി തോരണമാലകൾ.

പൊങ്ങി കൂടാരനിരകൾ
സരയൂപുളിനങ്ങളിൽ
അടുത്തു വെൺമുകിലുപോൽ
ദൂരെയന്നങ്ങൾപോലെയും.

Digitized By Kerala Sahitya Akademi

ചിത്രാംബരം പൂണ്ടു മിന്നി
പട്ടാളം പാളയങ്ങളിൽ
ചെന്താമരപ്പൊയ്കകളിൽ
ഫുല്ലപുഷ്പങ്ങൾ പോലവേ.

കേൾക്കമാറായങ്ങുനിന്നു
കാഹളങ്ങളിടയ്ക്കിടെ
കണ്ണുകൌതുഹലം കൂട്ടും
ഹംസധ്വനികളെന്നപോൽ.

പരന്നു കാണായങ്ങങ്ങു
കുതിരപ്പടയാളികൾ
പ്രഭാതവായുവിൽ ചിന്നി-
പ്പാറും പൂമുകിൽമാലപോൽ.

പൊൻതുൽവരിപ്പിട്ടു നിന്നി-
തണിയായ് കുലയാനകൾ
ചാരുബാലാതപം പൂണ്ട
ശൈലശൃംഗങ്ങൾ മാതിരി.

മുഴങ്ങി മാറ്റൊലിയൊടും
ഗോപുരങ്ങളിൽനിന്നുടൻ
ഭേരീപടഹനാദങ്ങ-
ളകാലസ്തനിതങ്ങൾപോൽ.



Digitized By Kerala Sahitya Akademi

ചിത്രവസ്ത്രമണിഞ്ഞുള്ള
നാവികന്മാർ വലിച്ചുടൻ
വന്നു വിവിധവർണ്ണത്തിൽ
പ്രഭുക്കളുടെ തോണികൾ.

കൊടികുത്തിപ്പാടിയെത്തും
നൌകയെല്ലാമണിഞ്ഞിതു
സംഭിന്നവിചീഹസ്തത്താൽ
പൂമാല സരയൂനദി.

പുതുവെഞ്ചാമരം പൂണ്ടു
കോപ്പണിഞ്ഞുള്ള വാജികൾ
വലിച്ചു പൊടിപാറിച്ചു
വന്നു പുഷ്യരഥങ്ങളും.

നാനാശില്പങ്ങളാൽ നേത്ര-
രമ്യമാം പൂമുഖത്തൊടും
നെടുമ്പുരകൾ ശോഭിച്ചു
സഭാസത്മാങ്കണങ്ങളിൽ.

പട്ടുമെത്തകളും ചിത്ര-
വിരിപ്പും പൂണ്ടു ഭംഗിയിൽ
പീഠം നിരന്നു കാണായി
പലക്കായ് പലമാതിരി.

Digitized By Kerala Sahitya Akademi

ഉള്ളിലായുന്നതം സ്വർണ്ണ-
സിംഹാസനമവയ്ക്കുമേൽ
നായകംപോലെ വിലസി
നടുവേ രത്നഭാസുരം.

കുശപ്പുല്ലും ചമതയും
നെയ്യ് പാൽ തേൻതൊട്ടു ഹവ്യവും
കൂടി വിശേഷവിധിയാ-
യടുത്തോരഗ്നിശാലയിൽ.

അഭിഷേകാർത്ഥമാം തീർത്ഥ-
ജലം പൊൻകലശങ്ങളിൽ
നിറന്നു മിന്നി ചെന്തെങ്ങി-
ന്നിളനീർനിരപോലവെ.

---

## VI. സതിയുടെ ധർമ്മധീരത

ദശരഥമഹാരാജാവിന്റെ രണ്ടാമത്തെ ഭാര്യയായ കൈകേയിക്കു ഭരതൻ എന്നൊരു പുത്രനുണ്ടായിരുന്നു. ഭരതനെവേണം യുവരാജാവാക്കുവാനെന്നു കൈകേയി ശാഠ്യം പിടിച്ചു. അതനുസരിച്ചു ശ്രീരാമനെ പതിനാലാണ്ട് വനവാസത്തിനയയ്ക്കാൻ തീർച്ചയാക്കി. ഇതൊന്നും അറിയാതെ അഭിഷേകത്തിന് ഒരുങ്ങിക്കൊണ്ടുനിന്ന സീതയോടു ശ്രീരാമൻ ചെന്നു വിവരം പറഞ്ഞപ്പോൾ സീതകൂടി വനവാസത്തിനു പോകാൻ നിർബന്ധിക്കുന്നു.

Digitized By Kerala Sahitya Akademi

"മനുഷ്യനൊന്നോർത്തിരിക്കും
മറ്റൊന്നവനു വന്നിടും
മതി സീതേയലങ്കാര-
മഭിഷേകം നടന്നിടാ

മെല്ലെന്നിതോതും പൊളിചൊ-
ല്ലാത്ത കാന്തൻെറ മുമ്പിലായ്
മിഴിച്ചു നിന്നുപോയ് സീത
പണിതീരാത്ത പാവപോൽ.

തലോടിയെല്ലാം കേൾപ്പിച്ചു
രാഘവൻ; പിന്നെ ജാനകി
സ്ത്രീസ്വഭാവത്തിനാൽ വാടി
വീണ്ടും ധീരത തേടിനാൾ.

താതമാതാക്കളൊത്തങ്ങു
താങ്ങാൻ തൻകാന്തനോതവേ
തക്കിച്ചാളനുയാത്രയ്ക്കു
മുമ്പേയവളിറങ്ങിനാൾ.

"വില്ലൊടിച്ചെന്നെ വേട്ടോരു
കയ്യിൽ തലയണച്ചു ഞാൻ
വിശ്വസിച്ചു ഭയം വിട്ടു
വൻ കാട്ടിലുമുറങ്ങുവൻ.

Digitized By Kerala Sahitya Akademi

എന്നെ കൂടാതെ പോകൊല്ലേ
പോകൊല്ലേ കരുണാനിധേ!"
എന്നാളെന്നല്ലശ്രു തൂവി-
ച്ചൊന്നാൾ സീത പതിവ്രത.

അതു കണ്ടലിവാൽ കണ്ണീ-
രറിയാതാണ്ട രാഘവൻ
"എന്നാൽ പ്രിയേ! പോരികെ"ന്നും
ചൊന്നാൻ ഗദ്ഗദമാർന്നുടൻ.

---

## VII. സഹോദരസ്നേഹം

**സീതാരാമന്മാർ വനയാത്രയ്ക്കു ഒരുങ്ങിക്കഴിഞ്ഞപ്പോൾ ലക്ഷ്മണൻ ഓടിയെത്തുന്നു. ശ്രീരാമൻ അതു കൂട്ടാക്കുന്നില്ലെന്നു കണ്ടപ്പോൾ തന്നെക്കൂടി കൊണ്ടുപോകണമെന്നു ലക്ഷ്മണൻ ശാഠ്യം പിടിക്കുകയും ശ്രീരാമൻ അതു അനുവദിക്കുകയും ചെയ്യുന്നു.**

നൊടിയിൽ പാഞ്ഞു വന്നെത്തി
ധൃഷ്ടനായങ്ങു ലക്ഷ്മണൻ
മഴ തൂറും മിന്നലൊത്ത
മേഘത്തിൻമുമ്പു കാറ്റുപോൽ.

Digitized By Kerala Sahitya Akademi

"കഷ്ടം! ആയ്യനപാത്രത്തിൽ
മാർദ്ദവം കാട്ടിടുന്നതാൻ
കൊടുക്കുകില്ല ഞാൻ രാജ്യം
ദുർജ്ജനത്തിൻെറ കൃത്തിനായ്.

കൈകേയീവിജിതൻ താതൻ
വൃദ്ധൻ വികലമാനസൻ
കരഞ്ഞാലും ചിരിച്ചാലും
കാര്യമേ കാര്യമായ് വരൂ.

പുരം നിലവിളിക്കുന്നു
ഭർത്സിക്കുന്നു വിവേകികൾ
ക്ഷത്രിയോചിതമല്ലാര്യൻ
ചെയ്യതെന്നായി വീരരും.

പാടില്ല പോകുവാൻ ജ്യേഷ്ഠാ,
പരിപന്ഥിഭയാനകൻ
സൗമിത്രി ശസ്ത്രമേന്തുന്നു;
ഭൂലോകപതിയങ്ങു താൻ.

കത്തുന്ന കോപമഹിത
വഹ്നിയിൽ ഭസ്മമാക്കുവൻ
സൂര്യജലപൂരത്തിൽ
കലക്കുവനയോദ്ധ്യയെ."

Digitized By Kerala Sahitya Akademi

ചൊടിച്ചിതോത്തമനുജൻ
തന്നെയമ്പാൎന്ന നോക്കിയും
അസമ്മതസ്മിതംകൊണ്ടു
തർജ്ജിച്ചും രാമനോതിനാൻ:—

"പൌരുഷം ദുർബലന്മാരിൽ
കാട്ടും വമ്പല്ല ലക്ഷ്മണ!
ഓതിയാൽ മുറയോരാത്ത
ബുദ്ധിയല്ല വിവേകവും.

സത്യവാൻ സ്വന്തകൃത്യത്തിൽ
ന്യായാന്യായങ്ങൾ ചിന്തിയാ
തന്നിഷ്ടം നേടുവാൻ ശസ്ത്ര-
മേന്താ ക്ഷത്രിയധാൎമ്മികൻ.

സ്വന്തചിത്തം കീഴടക്കാൻ
സാമൎത്ഥ്യമിയലാത്തവൻ
സൎവരാജ്യം ജയിച്ചാലും
സൌമിത്രേ! മെച്ചമില്ലതിൽ.

പോകുന്നു ഞാൻ വനത്തിന്നു
സീത പോരുന്നു കൂടവേ
നീയേയിങ്ങുള്ളു താതന്നു
ഭരതൻ വരുവോളവും."

Digitized By Kerala Sahitya Akademi

എന്നോതി നടകൊള്ളുന്ന
പൂര്വജന്റെ പദങ്ങളിൽ
ഇടിഞ്ഞ ഗോപുരം പോലെ-
യുലൊതൻ വീണു ലക്ഷ്മണൻ.

"ജ്യേഷ്ഠൻ വെടിഞ്ഞ പുരിയിൽ
ജീവിപ്പാൻ ശക്തനല്ലിവൻ
ഭൃത്യനായ് പോരുവൻകൂടി-
യല്ലെന്നാകിൽ മരിക്കുവൻ."

എന്നുനിർബന്ധമോതുന്ന
തമ്പിയെത്താങ്ങി രാഘവൻ
എഴുന്നേല്പിച്ചാശ്വസിപ്പി-
ച്ചനുജ്ഞയരുളീടിനാൻ.

---

## VIII. ആത്മാർപ്പണം—ഒരു പ്രാർത്ഥന

സചേതനാചേതനമിപ്രപഞ്ചം
സർവം വിളങ്ങുന്ന കേടാവിളക്കേ!
സമസ്തഭാവ്യങ്ങളുമുള്ളിലാഴ്ത്തും
സ്നേഹപ്പരപ്പിൻ കടലേ! തൊഴുന്നേൻ.

Digitized By Kerala Sahitya Akademi

തെളിക്കയെന്റെ കണ്ണുകൾ, ക്രൂരിരുട്ടും
തിങ്ങുന്ന മഞ്ഞും ഭഗവൻ! തുടയ്ക്ക
വിളിക്കയമ്പോന്നവിടത്തെ മുൻപിൽ
വിരഞ്ഞു തപ്പിത്തടയുന്നൊരെന്നെ.

അല്ലെങ്കിലിക്കാടുകൾ വെട്ടി നീക്കി-
യകത്തെഴുന്നള്ളുക, യെൻ കുടിഞ്ഞിൽ
അരക്ഷണം വിശ്രമമഞ്ചമാക്കി-
യങ്ങെന്റെ 'ആത്മാർപ്പണ' മേററുകൊൾക.

മഹാവനം നിൻ മലർവാടിയാക-
മുള്ളൊക്കെയും നൻമുകുളങ്ങളാക
മഹേശ നിൻ സന്നിധികൊണ്ടു ദുഷ്ട-
മൃഗങ്ങളും ഗായകദേവരാക.

സർവ്വം മറന്നിന്നൊരു പാററപോൽ നിൻ
സംസർഗ്ഗനിർവ്വാണരസത്തിൽ മുങ്ങാൻ
കാമിപ്പു ഞാനീശ്വര! കാൽക്ഷണം നീ
കാണിക്കയമ്പാർന്നമുഖാരവിന്ദം.

Digitized By Kerala Sahitya Akademi

# IX. ചെറിയവ

ചെറു തുള്ളികൾ ചേൎന്നു തന്നെയീ
കര കാണാതെഴമാഴിയായതും
തരിമണ്ണുകൾ തന്നെ ചേൎന്നു നാം
മരുവും നല്ലെഴുമൂഴിയായതും.

ചെറുതാം നിമിഷങ്ങളും തഥാ
പറവാൻ തക്കവയല്ലയെങ്കിലും
ഒരുമിച്ചവ തന്നെയൂക്കെഴും
പുരുഷായുസ്സുകളൊക്കെയാവതും.

ചെറു തെററുകൾ തന്നെയിവ്വിധം
പെരുകിപ്പുണ്യമകത്തിയേററവും
തിരിവെന്നി നടത്തി ജീവനെ-
ദ്ദുരിതത്തിങ്കൽ നയിച്ചിടുന്നതും.

ചെറുതെങ്കിലുമന്പെഴുന്നവാ-
ക്കൊരുവന്നുത്സവമുള്ളിലേകിടും
ചെറുപുഞ്ചിരിതന്നെ ഭൂമിയെ-
പ്പരമാനന്ദ നിവാസമാക്കിടും.

Digitized By Kerala Sahitya Akademi

ചെറുതന്യന്ന നന്മ ചെയ്യുകൊ.
ണ്ടൊരു ചേതം വരികില്ലയെങ്കിലും
പരനില്ലുപകാരമെങ്കിലീ-
നരജന്മത്തിന്ന മാററുമററുപോം.

ചെറുതൻപു കലന്നു ചെയ്യതും
ചെറുതുള്ളത്തിലലിഞ്ഞു ചൊൽവതും
പെരുകിബ്ഭുവി പുഷ്പവാടിയായ്
നരലോകം സുരലോകതുല്യമാം.

---

## X. പ്രഭാതപ്രാൎത്ഥന

സകലാശ്രയമായി രാത്രിയും
പകലും നിന്നെരിയും പ്രദീപമേ,
ജഗദീശ, ജയിക്ക! ശാശ്വതം
നിഗമം തേടിന നിൻ പദാംബുജം.

അരുണോദയമായി പൂക്കൾ പോൽ
വിരിയുന്നു കരണോൽക്കരം വിഭോ.
തിരിയെത്തെളിയുന്നു ഹന്ത! നീ
തിര നീക്കുന്നൊരു ലോകരംഗവും.

Digitized By Kerala Sahitya Akademi

ഒരു ഭീതിയെഴാതെ കാത്തു, ദു-
ഷ്കരസാംസാരികപോതയാത്രയിൽ
കരകാട്ടുക നിന്നു നീ കൃപാ-
കര,—ഞാൻ ദിക്കറിയാത്ത നാവികൻ.

ഗുണമെന്നിയൊരാശ്രമെന്നിൽ നി-
ന്നണയാസ്സാൻ തരമാകണം വിഭോ
അണുജീവിയിലും സഹോദര-
പ്രണയം ത്വൽകൃപയാലെ തോന്നണം.

ഉളവാകണമാത്മതുഷ്ടി, യീ-
യെളിയോനിങ്ങനെ പോകണം ദിനം
ഇളകാതെയുമിന്ദ്രിയാർത്തിയാൽ
കളിയായും കളവോതിടാതെയും.

അഖിലോപരിയെൻെറ ബുദ്ധിയിൽ
സുഖദുഃഖങ്ങളിൽ മാററമെന്നിയേ
ജഗദീശ, തെളിഞ്ഞു നില്ക്കണം
നിഗമം തേടിന നിൻ പദാംബുജം.

Digitized By Kerala Sahitya Akademi

# XI. പൂക്കാലം

പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ പൂവാൽ.
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട ക്രുക്രൂ രവത്താ-
ലെല്ലാക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവുതേടി
ക്ഷീണതവമോരാത്ത തേനീച്ച കാട്ടിൽ
പോന്നേറെ യുത്സാഹമുൾക്കൊണ്ടിവയ്ക്കു-
ന്നോണം വെളുക്കുന്നഹസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറം പൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിക്കാമ്പു കൊത്തി-
ക്കൂടാന്നു ദിക്കോർത്തു പോകുന്നു വാനിൽ,

Digitized By Kerala Sahitya Akademi

ചന്തം ധരയ്ക്കേറെയായ് ശീതവും പോ-
യന്തികപൂങ്കാവിലാളേറെയായി
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ—വന്നു വസന്തം!

നാകത്തിൽനിന്നോമനേ! നിന്നെ വിട്ടി-
ലോകത്തിനാനന്ദമേകുന്നിതീശൻ
ഇക്കൊല്ലമിനിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാററു തൻ നിസ്വനത്താ-
ലെന്തൊന്നുരയ്ക്കുന്നു നീ ഞാനറിഞ്ഞു!
"എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യുവെന്നല്ലയല്ലീ?"

## XII. അമ്പിളി

(പാനമട്ട്)

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വമ്പിൽ തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളിപൊങ്ങി നിൽക്കുന്നിതാ മര-
ക്കൊമ്പിന്മേൽനിന്നു കോലോളം ദൂരത്തിൽ.

Digitized By Kerala Sahitya Akademi

വെള്ള മേഘശകലങ്ങളാം നര-
തള്ളിച്ചുകൊണ്ടു് ദേവകൾ വിണ്ണാകം.
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞു പോം
വെള്ളിയോടമിതെന്നു തോന്നിടുന്നു!

വിണ്മേൽനിന്നു മന്ദസ്മിതം തൂവുമെൻ
വെണ്മതിക്കുരുന്നേ, നിന്നെയീയന്തിയിൽ
അമ്മതന്നങ്കമേറിയെൻ സോദര-
'നമ്മാവാ' യെന്നാലിഞ്ഞു വിളിക്കുന്നു!

ദേഹശോഭപോലുള്ളത്തിൽ ക്രൂരമീ-
മോഹനാകൃതിക്കുണ്ടിതെൻ പിന്നാലെ
സ്നേഹമോടും വിളിക്കും വഴിപോരു-
ന്നാഹാ! കൊച്ചുവെള്ളാട്ടിൻകിടാവു പോൽ.

വട്ടം നന്നല്ലിതിവണ്ണമോടിയാൽ
മുട്ടുമേ ചെന്നക്കുന്നിന്മുകളിൽ നീ!
ഒട്ടുനില്ക്കുക്ക വന്നൊന്നു നിന്മേനി
തൊട്ടിടാനും കൊതിയെനിക്കോമനേ!

എന്നു കൈപൊക്കിയോടിനാനന്മുഖൻ
കന്നേറാനൊരു സാഹസി ബാലകൻ;
ചെന്നു പിന്നിൽ ഗൃഹപാഠകാലമാ-
യെന്നു ജ്യേഷ്ഠൻ തടഞ്ഞു ഞെട്ടുംവരെ.

Digitized By Kerala Sahitya Akademi

## XIII. കൊച്ചുകിളി

ചൊല്ലുകെന്തു ചെറുപക്ഷി നീ കളി-
ച്ചുല്ലസിപ്പതിതുപോലെയെപ്പൊഴും
അല്ലൽ നീയറികയില്ലയോ? നിന-
ക്കില്ലയോ പറകെഴുത്തുപള്ളിയും?

കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇച്ഛപോലുയരെ നീ പറപ്പതും
മെച്ചമിന്നിവയെനിക്കു കൂടുമോ?

കാലുയർത്തിയയ്, കാററിലാടുമൂ-
ഞ്ഞാലിൽ മേവി രസമേലുമെത്ര ഞാൻ!
നീലവാൺവഴി പറന്നെഴും സുഖം
ലോകമെയ്യിതിൽ നിനക്കൊതുങ്ങുമോ?

ചിത്രമിങ്ങു—പുഴ, കുന്നിവററ തെ-
ല്ലത്തെലെന്നി കിളി നി കടപ്പതും
എത്തി വൻ മുതലമേലുമാനതൻ
മസ്തകത്തിലുമിരുന്നിടുന്നതും!

ചേണിയന്ന ചിറകാണ്ടൊരോമന-
പ്രാണി, നിൻ തടവകന്ന ലീലകൾ
കാണുകിൽ കൊതിവരും—പഠിക്കുവാൻ
പോണു—കൊച്ചുകിളിയായതില്ല ഞാൻ!

---

Digitized By Kerala Sahitya Akademi

# XIV അഹിംസ

കഴൽ വിരവിലെടുക്കെടുക്കയി-
പ്പുഴു തുണയററതു കൊന്നിടായ്ക്ക നീ;
ചെറിയൊരുടലിതെന്നു നിന്ദതോ-
ന്നരുതതുമീശ്വരനാണു ചെയ്തവൻ

അവനവികലജീവനാഥനീ-
യവനിയിൽ വന്നതവങ്കൽനിന്നു നീ
അളവകലുമവൻെറയമ്പിനീ-
യെളിയ പുഴുക്കളുമംശഭാജികൾ.

ദിവി, രവി ശശി താര ശോഭയു-
ണ്ടവനുടെ സൃഷ്ടിയിലാക്കമൊന്നുപോൽ
'നവതൃണ'നിരകൊണ്ടു മൂടിട്ടു-
ന്നവനി നിനക്കുമിവയ്ക്കുമായവൻ.

കളയുക പുനരല്പകാലമു-
ള്ളെളിയ സുഖത്തൊടിരുന്നിടട്ടവ,
കളയുമൊരുയിരേകിടാവതോ?
കളിയിലുമിന്നായി കൊന്നിടായ്ക്ക നീ.

---



Digitized By Kerala Sahitya Akademi

## XV പ്രാണിദയ

കഠിനഹൃദയ! നീ കടന്നിവണ്ണം
തുടരുവതെങ്ങനെ തൻ ഹിതത്തിനായ്
വടിവെഴുമൊരു ജന്തുവെത്തുടിപ്പി-
ച്ചിടുവതിതെന്തിനതെന്തുചെയ്തു നിന്നെ?

കരുണയുടെയൊരീശസൃഷ്ടിയാണി-
യുരുവുകളൊക്കെയതോർത്തതില്ലയോ നീ
അറിയുമവനിതൊക്കെയോർക്ക മേൽ നി-
ന്നറിയുക കേൾക്കുമിവററ കേണിടുമ്പോൾ.

കരവതവനറിഞ്ഞു നോക്കുമേ നിൻ-
കരമിതു ചോരയണിഞ്ഞ കത്തിയോടും
കരുതുകയതു സാധുചേതനത്തിൽ
പരമലിവേകുക പോക കൊന്നിടായ്ക.

ഇതിനെയുമിഹ നിന്നെയും ചമച്ചാ
വിധിയൊരുപോലവനോർക്കവിശപകത്താ
മതിയിലിയല്പകൻപു നിൻവിധാതാ-
വധികദയാപരനെന്നതോർത്തു നീയും.

---

Digitized By Kerala Sahitya Akademi

## XVI. മിന്നാമിനുങ്ങ്

ഇതെന്തൊരാനന്ദമിതെന്തു കൌതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊട്ടുമുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്
കിടന്ന വേലിച്ചെടിതന്റെ തുമ്പതിൽ
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തു പോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനേ
വരിഷ്ഠമാം തങ്കമുരച്ചരേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചി പോൽ.

സ്ഫുരിക്കുമീ നിന്നുടലിൻപദാർത്ഥമെ-
ന്തുരയ്ക്കൂ, മിന്നൽപിണരിൻ സ്ഫുലിംഗമോ?
വിരിഞ്ഞു പോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞു പാറും പൊടിയോ, നിലാവതോ?

Digitized By Kerala Sahitya Akademi

പുളിച്ചിട്ടനൊന്നനതാരഹോ! വെറും
വെളിച്ചമേ! വാ കിളിവാതിലൂടെ നീ
വിളിച്ച കേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്ക വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്ക ചാത്തുവാൻ
നിലാവുപൂമ്പട്ടിന്റ പാവു നെയ്യുയോ?

മിനുങ്ങി നീ ചെന്നിട്ടമാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാന്നു ഭൂരുഹം
അനങ്ങിടാതങ്ങനെ നില്പിതാക്കമേ
മനം കൊതിക്കും മുട്ടവെത്തൊടാനെടോ!

അതാ വിളങ്ങുന്ന ഭവദ്ഗുണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർ മലർച്ചെടി;
അതിന്നൊടൊക്കില്ലൊരു ചക്രവത്തിത-
ന്നതിപ്രകാശം കലരും കിരീടവും.

പരന്ന വൻശാഖകൾ മേലിവററയാ-
ന്നിരുട്ടിൽ മിന്നുന്ന മരങ്ങളാകവെ,
നിരന്ന നക്ഷത്രഗണങ്ങൾ കീഴുമാ-
ന്നിരട്ടയായ് തീന്നൊരു വിണ്ണുപോലവേ.

Digitized By Kerala Sahitya Akademi

വിളങ്ങിയും മങ്ങിയുമൊന്നിതാ വരു-
ന്നിളങ്കതിർത്തുവൊളിയാന്റു പൊങ്ങിയും
തളൎന്നുവീണും—ചെറുതാരമൂഴിതാൻ
വളൎപ്പുതാമിങ്ങിതു—തള്ള വാനിലാം.

മുറിക്കകത്തായിതു! ഹാ! പ്രകാശമേ,
കരത്തിൽ വാ കേറുക പുസ്തകങ്ങളിൽ
ഉറക്കറയ്ക്കുള്ള കെടാവിളക്കു പോ-
ലിരിക്ക വന്നീയണിമേശമേലുമേ.

കനക്കുമുത്സാഹമൊടങ്ങുമിങ്ങും
തനിക്കു തോന്നുംപടി തന്നെയെങ്ങും
മിനുങ്ങി മങ്ങും ചൊടിയാന്റ മിന്നാ-
മിനുങ്ങുമൊന്നപ്പുവുമൊടപ്പിറപ്പോ?

---

## XVII. വണ്ടിന്റെ പാട്ട്

("കമലാകാന്തന്റെ" എന്നമട്ട്.)

കൊട്ടുമുടിയിൽ കഴുകൻ വസിക്കട്ടെ
കൊട്ടതാം സിംഹം ഗുഹയിലും വാഴട്ടേ
വടിവേലും തങ്കക്കുന്നേ, നിൻ പൂത്തൊരി-
നെടിയ കാടാന്റ സാനുവിൽ മേവും ഞാൻ.

Digitized By Kerala Sahitya Akademi

പതിച്ചിടാ നോട്ടം നാറും പിണങ്ങളിൽ
കുതിച്ചു നിർദ്ദയം കൊന്നിടാ ജീവിയെ
പതിവായിക്കാട്ടിൽ കാലത്തുമന്തിക്കും
പുതിയ പൂകണ്ടു നിൻപുകഴ് വാഴ്ത്തും ഞാൻ.

അഴകേറും പൂവിൽ നീയലിഞ്ഞേകും തേ-
നഴലെന്ന്യേ നുകന്നാനന്ദമാർന്നടൻ
ഒഴിയാതോലും മണമാന്ന തെന്നലിൻ
വഴിയേ നിൻപുകൾ പാടിപ്പറക്കും ഞാൻ.

മുകളിൽ സൂര്യനും ചന്ദ്രനും വന്നിരു-
ളകലുമാറു പരത്തും കതിരുടെ
പകലും രാവും പൊന്നോമനക്കന്നേ, നിൻ
സകലശോഭയും കണ്ടു രസിക്കും ഞാൻ

---

## XVIII. സ്വാതന്ത്ര്യഗാഥ

സ്വാതന്ത്ര്യരാജ്യത്തിൻ സമ്രാട്ടേ, തേജസ്സിൻ-
വ്രാതമാം സ്വർണ്ണസിംഹാസനത്തിൽ
ജ്യോതിഷ്കിരണാവലിച്ചെങ്കോൽ തൃക്കൈയിൽ
ദ്യോതിപ്പിച്ചമരുന്ന തമ്പുരാനെ.

Digitized By Kerala Sahitya Akademi

നിന്തിരുവാഴ്ച ജയിക്കട്ടെ! പിഡയിൽ
പിന്തിരിയാത്ത തലമുറകൾ,
സന്തതം ഘോഷിച്ചു മാറ്റൊലിക്കൊള്ളട്ടെ!
നിന്തിരുനാമം ഭുവനമെങ്ങും.

അന്ധകാരത്തിന്റെയാഴത്തിൽ ക്രൂരമാ-
മെന്തൊരു മായാവ്യവസ്ഥയാലോ
ബന്ധസ്ഥരായ് ഞങ്ങൾ കേഴുന്നു ദേവാ നിൻ
സ്വന്തകിടാങ്ങൾ, നിരപരാധർ.

ഓരുന്നു ഞങ്ങൾ പിതാവേ നിൻ കൺമുന
ദൂരത്തും തേന്മഴ ചാറുമെന്നും,
ക്രൂരതതന്നുടെ നേരെയത്തു തന്നെ
ഘോരമിടിത്തീയായ് മാറുമെന്നും

ചട്ടററ നിൻകരവാളിൻ ചലപ്രഭ
തട്ടുമാറാക ഞങ്ങൾക്കു കണ്ണിൽ
വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ!
പൊട്ടിച്ചെറികയിക്കൈവിലങ്ങും.

ഞങ്ങളെപ്പോക്കുക, ക്രൂരിരുട്ടിൻകോട്ട-
യെങ്ങും ചവിട്ടി നിരത്തുവാനും
തങ്ങളിൽ കൈകോർത്തു മോക്ഷസുഖാബ്ധിയിൽ
മുങ്ങിക്കളിച്ചു പുളയ്ക്കുവാനും.

Digitized By Kerala Sahitya Akademi

സത്യം ശ്വസിച്ചും സമത്വം കണ്ടും സ്നേഹ-
സത്ത നുകന്നും കൃതാൎത്ഥരായി
സദ്ധൎമ്മത്തൂടെ നടക്കട്ടെ, മാനവ-
രിദ്ധരാ സ്വൎഗ്ഗമായ്ത്തീൎന്നിടട്ടെ!

---

## XIX. പ്വണം

വരഗുണ! നര! വായുവീഥിമേൽ! നി
വിരവൊടു തിരിഞ്ഞൊരു കോട്ട വീണുപോയോ?
കരയുഗമയി കെട്ടി നോക്കി വിണ്ണിൽ
തിരയുവതീ നെടുവിപ്പിലൊടെന്തെടോ നീ?

വിരയുവതിഹ നിൻ മതത്തിനായോ?
പുരുമമതം സമുദായഭൃതിയോൎത്തോ?
പരഹിതകരമാം പ്രവൃത്തിതന്നിൽ
പരമഭിവൃദ്ധിയതിന്നുവേണ്ടിയോ നീ?

സ്ഥിരമിഹ സുഖമോ മഹത്വമോ നീ
വരഗുണമാന്നൊരു വിദ്യയോ യശസ്സോ
പരമസുകൃതമോ കടന്ന സാക്ഷാൽ
പരഗതിയോ—പറകെന്തെടോ കൊതിപ്പു?

Digitized By Kerala Sahitya Akademi

കുറവു കരുതിയിങ്ങു കേണിരുന്നാൽ
കുറയുകയാം വിലയാന്ന നിൻെറ കാലം
മറവകലെ രഹസ്യമോതുവൻ നീ
പറയുക പോയതു നിൻെറ ഇഷ്ടരോടും.

കരുതുക, കൃതി യത്നലഭ്യമേതും
തരുവതിനീശനിയുക്തനേകനീ ഞാൻ
വിരവിൽ വിഹിതവൃത്തിയേതുകൊണ്ടും
പരമിഹ നേടുക,യെന്നെ, നീ—പണത്തെ.

---

## XX നെയ്ത്തുകാരുടെ പാട്ട്

ഓടും മൃദുപാവിൽ ജവമോടും ഗുണമേറാ-
നോടും പടിയും, സമ്പ്രതി നീ ചെയ്യൊരുപൂവിൽ
തേടും മണമേലായുകിലും ശോഭ നിറഞ്ഞാൽ
കൂടും പടിയും സോദര! നെയ്യൂ തുണി നെയ്യൂ.

അന്തിക്കെഴമക്കന്നെഴമോരോ കിരണംപോൽ
ചന്തം ചിതറുന്നാ നിറമെല്ലാം വിലസട്ടെ
അന്തർഗ്ഗതമായ് നിന്നഴകോടുന്നിഴതോറും
ചിന്തട്ടെയതിൽശോഭകൾ നിന്നെച്ചുഴലട്ടെ;

Digitized By Kerala Sahitya Akademi

നീക്കം കയറട്ടാടയിൽ നന്മേനി വരട്ടെ
യാക്കെയണയട്ടേ വിരവായും ശരിയായും
എക്കാലവുമേ നിൻ തുണി നൂലൊന്നൊഴിയാതെ
നില്ക്കട്ടിഹ നിണ്ണളൊരു നേരെന്നതുപോലെ.

കായേകനെടുക്കാമിഹ പൂവേകനിറുക്കാം
മായാതെ വിതയ്ക്കാമഥ വിത്തന്യനൊരുത്തൻ
ആയാസമതെന്നാൽ വിധിസങ്കല്പിതമാകും
നീയോർത്തു ഹേ സോദര! നെയ്യൂ! തുണിനെയ്യൂ!

ധന്യത്വമെഴും മന്നവനും മണ്ണുകിളയ്ക്കും
ഖിന്നസ്ഥിതിയാം കർഷകനും കേവലമാരും
സന്നദ്ധമതായ്വന്നതുവെല്ലാം തരുമിമ്പം
തന്നാല്വുമേതും ശ്രമമേലായുകിലോരാ.

---

## XXI. തോട്ടത്തിലെ എട്ടുകാലി

തളിർത്തലഞ്ഞു നിന്നിടും തരുക്കൾ
തൻെറ ശാഖയിൽ
കൊളുത്തി നിണ്ട നൂലു രശ്മി പോലെ
നാലു ഭാഗവും

Digitized By Kerala Sahitya Akademi

കുളത്തിനുള്ളകാണുമക്കബിംബ
        മൊത്തു കാററിലീ-
വെളുത്ത കണ്ണിവെച്ചെഴും വിചിത്ര
        രൂപനാരിവൻ?

അടുത്തിടുന്നൊരീച്ച പാററയാദി
        യായ ജീവിയെ
പ്പിടിപ്പതിന്നു കണ്ണിവെച്ചൊളിച്ചി-
        രുന്നുകൊള്ളുവാൻ
പഠിച്ചകള്ളനാരു നീ പ്രഗത്ഭ
        നായ മുക്കുവ-
ക്കിടാത്തനോ? കടുത്ത കാട്ടിലുള്ള
        കൊച്ചുവേടനോ?

മിനുത്തു നേത്ര ത്തലിതെങ്ങുനിന്നു?
        മോടി ക്കൂടമീ-
യനർഘമാം നെയിത്തുതന്നൊയഭ്യ-
        സിച്ചതെങ്ങു നീ?
നീനയ്ക്കു നിൻെറ തുന്നൽ കാഴ്ചവേല
        തന്നിലെത്തിയാൽ
നിനക്കു തങ്കമുദ്ര കിട്ടുമെട്ടു
        കാലി നിശ്ചയം.

Digitized By Kerala Sahitya Akademi

# XXII. ഉൾനാട്ടിലെ ഓണം

എന്തുല്ലാസഭരം നിനയ്ക്കിലുളവാക
ന്നെന്തൊരാനന്ദമ്-
ന്നെന്തോ കേരളമാകെയാകൃതി പകർന്നു
ദ്യോവിലും ഭൂവിലും
അന്തശ്ശോഭ കലന്ന രണ്ടു മഴതൻ
മദ്ധ്യസ്ഥമാം കാലവും
ചന്തം ചിന്തിയെഴുന്ന രണ്ടിലകളു-
ള്ളമ്പും നറുമ്പൂവുപോൽ.

കുററം വിട്ടിഹ കാലശക്തി പുതുതായ്
ക്കൊല്ലാബ്ദമാമുണ്ണിയെ
പ്പെററന്നോർത്തു പിതാമഹിപ്രകൃതിയി-
ന്നോററം പ്രസാദിക്കയോ,
തെററൊന്നാ ശിശ്ശു തന്നൊ സസ്മിതവിലാ-
സത്താൽ സമസ്താശയം
മുററും പോന്നു ഹരിക്കയോ രസദമല്ലോ
ബാല്യമെല്ലാർക്കുമേ.

തിങ്ങും കാറുകൾ നീങ്ങി കാട്ടിലവുതൻ
കാർപ്പാസമെല്ലാം പറ-
ന്നെങ്ങോ പോകുവതോ സിതാഭ്രമെവിടുന്നോ
വന്നു ചേരുന്നതൊ?

Digitized By Kerala Sahitya Akademi

എങ്ങാണ്ടെററി വിരിച്ച വസ്ത്രനിർയാ
　　വണ്ണാനെ വഞ്ചിച്ചഹോ-
യിങ്ങിക്കാററു ഹരിച്ചുപോയ് ഗഗനമാ-
　　ർഗ്ഗത്തിൽ പരത്തുന്നതോ?

ആവാമായതുതന്നെയിന്നഖിലദേവ-
　　ന്മാക്കുമുത്സാഹമാ-
മീവണ്ണം 'നടമാററ' വക്കു പവനൻ ലാ
　　ക്കായ് വിരിക്കുന്നതാം
ഭ്രുവിൽ കൌതുകമീവിധം ഭുവനരമ്യം
　　കണ്ടു കൊണ്ടാടുവാ-
നേവം പൊന്നഥവാ രചിച്ചിടുകയാം
　　കൂടാരമോരോന്നവർ.

സ്ഥൂലച്ഛായ മരംവെടിഞ്ഞിഹ ഗമിക്കു-
　　മ്പോലെ പോം പൂമുകിൽ
ജാലത്തിൻ നിഴലാൽ ജനങ്ങൾ വെയിലിൽ
　　പോകുന്ന ശോകം വിനാ
ലീലയ്ക്കായ് വെളിയിൽ കടന്നിതു പിടിപ്പാ-
　　നങ്ങുമിങ്ങും ദ്രുതം
ബാലന്മാർ ധൃതമത്സരം രസമിയ-
　　ന്നോടുന്നു വാടങ്ങളിൽ.

ദൂരത്താണിനിയും പ്രഭാതമെഴുന്നേ-
　　റെറന്നാലുമിന്നേററവും
നേരത്തേ വിളിക്കൂട്ടിടുന്നു ഖഗവൃന്ദം
　　ഹന്ത! സന്തുഷ്ടിയാൽ

Digitized By Kerala Sahitya Akademi

‘നേരായ്’ കാക്ക കരഞ്ഞു താത, ജനനി
കേൾക്കു യെഴീക്കെ’ന്നെഴു-
ന്നോരോ കേളികളോർത്തുറക്കമിയലാതേ
വത്സരുത്സാഹികൾ.

സ്വാപംവിട്ടെഴുമംഗനാജനമകത്തുൽ-
ഗേയപുണ്യാർത്ഥമാം
ഭൂപാളം തുടരുന്നഹോ! മനമലിഞ്ഞാ-
ക്കും ലയിക്കുന്നതിൽ
ദീപത്തിന്നരികത്തു വൃദ്ധകളെയാശങ്കിച്ചു
പൈതങ്ങൾ പോയ്
ശ്രീപൊങ്ങും ശുഭരാമനാമജപമാ-
യെങ്ങും മുഴങ്ങുന്നതും.

മന്ദം മർമ്മരഭാഷി പൂർവ്വപവനൻ
മന്ത്രിച്ചുണഞ്ഞു ഗളം
നന്ദിച്ചാട്ടി വിടർന്നു പൂക്കൾ ചിറകുൽ-
ക്ഷേപിച്ചു തേനീച്ചകൾ
വന്നെല്ലാം വഴിയോളമാശു പരി-
മാർജ്ജിച്ചു തളിച്ചു ഗൃഹം
നന്നാക്കി യുവദാസിമാർ, നടനമായി
ലക്ഷ്മിയിക്ഷോണിയിൽ.

E
4540

Digitized By Kerala Sahitya Akademi

# ശ്രീ: ഈ. വി. കൃഷ്ണപിള്ളയുടെ കൃതികൾ.

| | ക്രു: | ണ: | സ: |
|---|---|---|---|
| ചെറുകഥകൾ ൧-ാംഭാഗം | 1 | 2 | 0 |
| ബാഷ്പവർഷം | 1 | 2 | 0 |
| കള്ളപ്രമാണം | 0 | 12 | 0 |
| സീതാലക്ഷ്മി | 1 | 2 | 0 |
| കവ തക്കേസ് | 0 | 6 | 0 |
| പ്രണയക്കമ്മീഷൻ | 0 | 6 | 0 |
| വിസ്മൃതി | 0 | 9 | 0 |
| ബാലലീല | 0 | 6 | 0 |
| ഇരവിക്കുട്ടിപ്പിള്ള | 0 | 12 | 0 |
| ഭാസ്കരൻ | 0 | 9 | 0 |
| ചിരിയും ചിന്തയും | 3 | 0 | 0 |
| ജീവിതസ്മരണകൾ ൧-ാംഭാഗം | 2 | 0 | 0 |
| ,, ൨-ാംഭാഗം | 2 | 0 | 0 |
| മുഴുവനും ഒന്നായി ബയൻറുചെയ്തതു് | 4 | 0 | 0 |
| ഈ. വി. കെ. സി. മാമ്മൻമാപ്പിളയുടെ അനുസ്മരണകൾ | 1 | 8 | 0 |
| ആദർശദർപ്പണം | 0 | 9 | 0 |

മാനേജർ,

"ശ്രീരാമവിലാസം" പ്രസ്സ്, കൊല്ലം.

Digitized By Kerala Sahitya Akademi

# നിങ്ങൾ വായിച്ചിട്ടുണ്ടോ?

## നാരായണീയം (സവ്യാഖ്യാനം)

കവികുലകൂടസ്ഥനായ മേല്പത്തൂരിന്റെ നാരായണീയത്തെപ്പററി വിവരിക്കേണ്ട ആവശ്യമേയില്ല. എല്ലാ പദ്യങ്ങൾക്കും സാരവും അതിഗഹനങ്ങളായ പ്രയോഗങ്ങളുടെ ഗൂഢാർത്ഥങ്ങളും ഇതിൽ സംഗ്രഹമായി ലളിതഭാഷയിൽ ചേർത്തിട്ടുണ്ടു്.

വില രൂ. 1 ണ. 2

## ശ്രീമഹാഭക്തചരിതാമൃതം

നാലു ഭാഗങ്ങൾ

നസ്തുല്യമായഭക്തിമാഹാത്മ്യത്താൽ ജീവന്മുക്തന്മാരായ അനവധി ഭക്താഗ്രണികളുടെ ജീവചരിത്രമാണു് ഈ ഗ്രന്ഥങ്ങളിലെ ഉള്ളടക്കം. മുമുക്ഷുക്കൾക്ക പാരായണയോഗ്യമായ ഇതരഗ്രന്ഥം ഭാഷയിൽ ഇല്ലെന്നുള്ളതു് സവ്വിദിതമാണു്. ഓരോഭാഗത്തിനും വില 1 രൂ. 8 ണ.

## സ്തോത്രരത്നാകരം (സവ്യാഖ്യാനം)

ഭക്തന്മാക്ക നിത്യപാരായണത്തിനു് അത്യുത്തമങ്ങളും, കവിതാഗുണംകൊണ്ടു സഹൃദയലോകത്തെ പുളകംകൊള്ളിക്കുന്നവയും ഭക്തിരസപ്രധാനങ്ങളുമായ സ്തോത്രരത്നങ്ങളാണു് ഇതിൽ തിരഞ്ഞുചേർത്തിരിക്കുന്നതു്. ഹൈന്ദവപുരാണങ്ങളിൽ കണ്ടിട്ടുള്ള എല്ലാ ദേവന്മാരെയും അധികരിച്ചുള്ള സ്തോത്രങ്ങൾക്ക പുറമേ, പ്രാധാന്യമർഹിക്കുന്ന സകല ഭുജംഗസ്തോത്രങ്ങളും, രാസകേളീദശകം, പ്രത്യക്ഷദർശനദശകം മുതലായി ഭക്തന്മാരെ പരമാനന്ദനിർവൃതിയിൽ ലയിപ്പിക്കത്തക്ക അനവധി വിശിഷ്ട സ്തോത്രങ്ങളും ഇവയെല്ലാം സരസമായ പച്ചമലയാളത്തിലുള്ള വ്യാഖ്യാനവും ഇതിൽ ചേർത്തിട്ടുണ്ടു്. ഡിമ്മി എട്ടിലൊന്നു വലിപ്പത്തിൽ 300 പുറങ്ങളാണു് ഈ പുസ്തകത്തിന്റെ വലിപ്പം.

വില 1 രൂ. 8 ണ.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

Digitized By Kerala Sahitya Akademi

| | രൂ. | ണ. |
|---|---|---|
| സൌന്ദര്യലഹരി (ഭാഷ) | 0 | 8 |
| വിചിത്രവിജയം | 1 | 8 |
| പ്രബോധചന്ദ്രോദയം ഭാഷാനാടകം | 1 | 8 |
| സ്തോത്രകൃതികൾ (നോട്ടോടു കൂടിയതു്) | 1 | 4 |
| ഗദ്യം.—രാജയോഗം സമ്പൂർണ്ണം | 3 | 0 |
| മൈത്രേയി! | 0 | 8 |
| മനശ്ശക്തി | 0 | 8 |
| നിരൂപണങ്ങൾ | 0 | 8 |
| മതപരിവർത്തനരസവാദം | 0 | 4 |
| ദൈവികമായ പ്രതികാരം | 0 | 10 |

## ഇതര കൃതികൾ

| | | |
|---|---|---|
| കെ. അയ്യപ്പന്റെ പദ്യകൃതികൾ | 1 | 8 |
| ശ്രീനാരായണഗുരുസ്വാമികളുടെ ദർശനമാല (പദ്യം) (വിദ്യാനന്ദസ്വാമികളുടെ വ്യാഖ്യാനത്തോടുകൂടിയതു്) | 0 | 10 |
| വസുമതി (ശ്രീമാൻ മൂർക്കോത്തു കുമാരൻ അവർകൾ എഴുതിയ രസകരമായ ഒരു നോവൽ) | 1 | 8 |
| വേണുനാദം—വേണുഗോപാലൻ | 0 | 8 |

ദേശാഭിമാനി ടി. കെ. മാധവന്റെ ജീവചരിത്രം

ഗ്രന്ഥകർത്താക്കൾ:—

പി. കെ. മാധവൻ ബി. എ., ബി. എൽ.
സി. ഒ. കേശവൻ ബി. എ.

(സർദാർ കെ. എം. പണിക്കർ അവർകളുടെ അവതാരികയും, മഹാത്മാഗാന്ധി, മഹാകവി വള്ളത്തോൾ മുതലായ മഹാന്മാരുടെ സ്മരണകളും അടങ്ങിയതു്)

| | | |
|---|---|---|
| ഒന്നും, രണ്ടും വാല്യങ്ങളും കൂടി | 3 | 0 |
| ടി (കാലിക്കോബയന്റ്) | 4 | 0 |
| ജീവിതചക്രം (പി. കേശവദേവിന്റെ ചെറുകഥകൾ) | 1 | 4 |

*Address must be written in CAPITAL LETTERS*

മാനേജർ,—'ശാരദാ' ബുക്കുഡിപ്പോ,
തോന്നയ്ക്കൽ.

Digitized By Kerala Sahitya Akademi

# ശാരദാ ബുക്കുഡിപ്പോ

(തോന്നയ്ക്കൽ)

## വക പ്രസിദ്ധീകരണങ്ങൾ

### എൻ. കുമാരൻ ആശാൻ അവർകളുടെ കൃതികൾ

| | | രൂ. | ണ. |
|---|---|---|---|
| പദ്യകൃതികൾ | 1-ാംഭാഗം | 6 | 8 |
| ,, | 2-ാംഭാഗം | 6 | 0 |
| ,, | 3-ാംഭാഗം | 4 | 8 |
| പദ്യം:—നളിനി (നോട്ടോടു കൂടിയതു്) | | 1 | 0 |
| ലീല | | 1 | 0 |
| രണ്ടു ഖണ്ഡകൃതികൾ | | 0 | 6 |
| ശ്രീബുദ്ധചരിതം കിളിപ്പാട്ടു്:— | | | |
| | അഞ്ചു കാണ്ഡങ്ങളും കൂടിയതു് | 3 | 0 |
| കയിൽ | | 0 | 3 |
| പ്രരോദനം | | 1 | 0 |
| ചിന്താവിഷ്ടയായ സീത | | 1 | 0 |
| ബാലരാമായണം | ബാലകാണ്ഡം | 0 | 6 |
| ടി | അയോദ്ധ്യാകാണ്ഡം | 0 | 6 |
| ടി | ആരണ്യകാണ്ഡം | 0 | 7 |
| ടി | മൂന്നുകാണ്ഡങ്ങളും കൂടി ... | 1 | 4 |
| പുഷ്പവാടി | | 0 | 8 |
| ദുരവസ്ഥ | | 0 | 12 |
| ചണ്ഡാലഭിക്ഷുകി | | 0 | 12 |
| കരുണ | | 0 | 9 |
| മണിമാല | | 0 | 8 |
| വനമാല | | 1 | 0 |
| സൂഗതപ്രസ്ഥാനം | | 0 | 10 |
| നവമാലിക | | 0 | 8 |

P. T. O.

Digitized By Kerala Sahitya Akademi